# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2489** 12.06.2018-ൽ മറുപടിക്ക്

## വൈദ്യുതി മുടങ്ങുന്നത് തടയാൻ നടപടി

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | 2018 മേയ് 25 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ 24 മണിക്കൂറിലധികം വൈദ്യുതി മുടങ്ങിയ ഏതെങ്കിലും പ്രദേശം കേരളത്തിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഉണ്ട്. 2018 മെയ് 25 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ 24 മണിക്കൂറിലധികം വൈദ്യുതി തടസ്സം ഉണ്ടായ സെക്ഷനുകൾ ഏതൊക്കെയെന്നും എത്ര ഉപഭോക്താക്കളെ അത് ബാധിച്ചുവെന്നും എത്ര സമയം വൈദ്യുതി തടസ്സം നീണ്ടുനിന്നുവെന്നുമുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. (table below) |
| (ബി) | എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സെക്ഷനുകളിലാണ് വൈദ്യുതി തടസ്സപ്പെട്ടതെന്നും എത്ര മണിക്കൂർ എത്ര ഉപഭോക്താക്കളാണ് ഇരുട്ടിലായതെന്നും വ്യക്തമാക്കാമോ; | | |
| (സി) | ഇത്രയും നീണ്ട സമയം വൈദ്യുതിമുടങ്ങാനുള്ള കാരണമെന്തായിരുന്നുവെന്നും ഇത്തരം അവസ്ഥ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | വൈദ്യുതി തടസ്സങ്ങൾ ഉണ്ടായിട്ടുള്ളത് മരങ്ങൾ ലൈനുകളിലേയ്ക്ക് വീണ് കമ്പികളും പോസ്റ്റുകളും പൊട്ടിവീഴുക, പ്രകൃതിക്ഷോഭം മൂലം പ്രതിഷ്ഠാപനങ്ങൾക്ക് സംഭവിക്കുന്ന തകരാറുകൾ തുടങ്ങിയവ മൂലവുമാണ്. 2021-ാം വർഷത്തോടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് |

| ജില്ലയുടെ പേര് | സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം | സമയം (മണിക്കൂർ) |
|---|---|---|---|
| തിരുവനന്തപുരം | ആര്യനാട് | 40 | 72 |
| എറണാകുളം | കോളേജ് | 48 | 26.5 |
| | നെല്ലിക്കുന്ന് | 750 | 27 |
| | തൃക്കരിപ്പൂർ | 620 | 26 |
| | കയ്യൂർ | 800 | 30-35 |
| | രാജപുരം | 1750 | 18-48 |
| | പിലിക്കോട് | 176 | 25 |
| കാസർഗോഡ് | വോർക്കാടി | 250 | 26 |
| | ബളാംതോട് | 1000 | 68-96 |
| | മാവുങ്കൽ | 308 | 26-28 |
| കണ്ണൂർ | മാതമംഗലം | 60 | 24-48 |
| | ആലക്കോട് | 45 | 70 |
| | തളിപ്പറമ്പ | 6500 | 72 |
| | കേളകം | 79 | 32-36 |
| വയനാട് | പുൽപ്പള്ളി | 2000 | 24-30 |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി ലഭ്യമാക്കുന്നതിന് എച്ച്.റ്റി ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, എബിസി, ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ എന്നിവ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

Lemalulla

സെക്ഷൻ ഓഫീസർ